7. വിദ്യാലയങ്ങളിൽ സൗകര്യമൊരുക്കൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, കേന്ദ്ര സർക്കാരിന്റെ RMSA പദ്ധതി പ്രകാരം കേരളത്തിൽ 111 യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളുകളാക്കി ഉയർത്തിയിരുന്നു. 2009-10 വർഷത്തിൽ 60 വിദ്യാലയങ്ങൾ അന്നത്തെ സർക്കാർ അപ്ഗ്രേഡ് ചെയ്യാൻ തെരഞ്ഞെടുത്തപ്പോൾ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന മലപ്പുറം ജില്ലയിൽനിന്ന് ഒരു സ്കൂളുപോലും തെരഞ്ഞെടുത്തിരുന്നില്ല. അന്ന് തെരഞ്ഞെടുത്ത 60 വിദ്യാലയങ്ങളിൽ 59 എണ്ണവും അപ്ഗ്രേഡ് ചെയ്തു. 2010-11-ൽ 36 വിദ്യാലയങ്ങളും 2011-12-ൽ 16 വിദ്യാലയങ്ങളും അപ്ഗ്രേഡ് ചെയ്തു. ഇപ്പോൾ 30 വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യാൻവേണ്ടി MHRD-യുടെ പരിഗണനയിലാണ്. മലപ്പുറം ജില്ലയിൽ നിന്നുള്ള 12 വിദ്യാലയങ്ങൾ ആ പട്ടികയിലുണ്ട്. ഇതിൽ ഉൾപ്പെടുന്ന താനൂർ നിയോജക മണ്ഡലത്തിലെ മീനടത്തൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കഴിഞ്ഞ വർഷം എട്ടാം ക്ലാസ്സും ഈ വർഷം ഒമ്പതാം ക്ലാസ്സും ആരംഭിച്ചുകഴിഞ്ഞതാണ്. അദ്ധ്യാപക ബാങ്കിൽനിന്ന് താല്കാലികമായി നിയമിതരായ രണ്ട് അദ്ധ്യാപകരും പി.ടി.എ. നിയമിച്ച ഗസ്റ്റ് അദ്ധ്യാപകരുമാണ് അവിടെ പഠിപ്പിക്കുന്നത്. കേന്ദ്രം അംഗീകരിച്ച 111 സ്കൂളുകൾക്ക് ഗ്രാന്റായി 50000 രൂപയും കെട്ടിട നിർമ്മാണത്തിനായി 58 ലക്ഷം രൂപയും ലഭിച്ചെങ്കിലും ഒടുവിൽ അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ച 30 സ്കൂളുകൾക്കും ഇതൊന്നും ലഭിച്ചിട്ടില്ല. 111 സ്കൂളുകളിൽ ഒരു ഹെഡ്മാസ്റ്ററുടെയും 6 അദ്ധ്യാപകരുടെയും തസ്തികകൾ സൃഷ്ടിച്ചിരുന്നു. എന്നാൽ ഈ സ്കൂളുകൾക്ക് ഇതൊന്നും ബാധകമല്ല. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വിനിയോഗിച്ചാണ് ഇപ്പോൾ അവിടെ കെട്ടിടം നിർമ്മിക്കുന്നത്. ഈ സാഹചര്യത്തിൽ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ ശിപാർശ ചെയ്യുകയും 8, 9 ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്ത എന്റെ നിയോജക മണ്ഡലത്തിലെ മീനടത്തൂർ ഗവൺമെന്റ് ഹൈസ്കൂൾ അടക്കമുള്ള 30 സ്കൂളുകളിൽ ഹെഡ്മാസ്റ്ററുടേയും സ്ഥിര അദ്ധ്യാപകരുടെയും തസ്തികകൾ സൃഷ്ടിച്ച് ഗ്രേഡ് ഉയർത്തിയ നടപടി സംസ്ഥാന സർക്കാർ സാധൂകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, സംസ്ഥാനത്ത് RMSA പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യുന്നതിനായി 2013-14-ൽ 30 സ്കൂളുകൾ ശിപാർശ ചെയ്യുകയുണ്ടായി. RMSA നോംസ് പ്രകാരം അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്കൂളുകളിൽ എട്ടാം ക്ലാസ് സംസ്ഥാന സർക്കാരിന്റെ ചെലവിൽ ആരംഭിക്കണമെന്നാണ്. ആയതിനാൽ ഈ 30 സ്കൂളുകളിലും എട്ടാം ക്ലാസ്

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുവാൻ 7-9-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 249/2013/ പൊ.വി.വ. സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയുണ്ടായി. എന്നാൽ 2014-15-ലും 2015-16-ലും ഈ സ്കൂളുകൾക്ക് അനുമതി ലഭ്യമാക്കണമെന്നാ വശ്യപ്പെട്ടുകൊണ്ട് MHRD-ക്ക് ശിപാർശ സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചില്ല. 2013-14 വർഷം എട്ടാം ക്ലാസ് ആരംഭിച്ച സ്കൂളുകളിൽ കുട്ടികളുടെ തുടർപഠനം ഉറപ്പു വരുത്തുന്നതിനായി 2014-15-ൽ ഒമ്പതാം ക്ലാസും 2015-16-ൽ പത്താം ക്ലാസും പ്രവർത്തിച്ചുവരികയാണ്. MHRD-യുടെ അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ തസ്തിക സൃഷ്ടിക്കുകയുണ്ടായില്ല. അതുകൊണ്ടുതന്നെ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ കഴിഞ്ഞിരുന്നില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രസ്തുത 30 സ്കൂളുകളിലെ 9, 10 ക്ലാസുകൾക്ക് അംഗീകാരം നൽകിക്കൊണ്ടും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലപ്പുറം - 12, വയനാട് - 6, കാസർഗോഡ് - 3, പാലക്കാട് - 3, ഇടുക്കി - 6 എന്നിങ്ങനെയാണ് 30 സ്കൂളുകൾ വന്നിട്ടുള്ളത്. മലപ്പുറം ജില്ലയിലെ 12 സ്കൂളുകളിലും ഇപ്രകാരം അദ്ധ്യാപകരെ നിയമിക്കപ്പെട്ടുന്നതാണ്. കെട്ടിടം, ലാബ്, ലൈബ്രറി, ഫർണിച്ചർ തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതാണ്.

8. അദ്ധ്യാപക നിയമനം.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : സർ, വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ എറ്റവും പിന്നോക്കംനിൽക്കുന്ന ജില്ലയാണ് വയനാട്. യു.പി. തലത്തിലും ഹൈസ്കൂൾതലത്തിലും ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നത് വയനാട് ജില്ലയിലാണ്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്ന സംസ്ഥാനത്താണ് ഇങ്ങനെയൊരു സ്ഥിതിയെന്നത് ഓർക്കണം. സെക്കന്ററിതലത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാനാണ് RMSA പദ്ധതി ആരംഭിച്ചത്. എന്നാൽ വയനാട് ജില്ലയിൽ RMSA സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇക്കാര്യം 9-12-2014-ൽ ഞാൻ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നതുമാണ്. 2013-ൽ വയനാട് ജില്ലയിലെ 5 സ്കൂളുകളെ ഈ പദ്ധതിയിലുൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്തു. ഈ വർഷംതന്നെ സ്കൂളുകളിൽ പത്താം ക്ലാസ് ആരംഭിക്കുകയും ചെയ്തു. പദ്ധതി ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും സ്കൂളുകൾക്ക് MHRD-യുടെ അംഗീകാരം ലഭിക്കുകയോ

LIBRARY ARCHIVES Kerala Legislative Assembly